(കെ) ധനകാര്യ മാനേജ്മെന്റിലെ കാര്യശേഷി വർദ്ധിപ്പിക്കുക.

(എൽ) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ സേവന നിലവാരം മെച്ചപ്പെടുത്തുക.

(എം) ഈ പരിപാടികൾ 2003-04-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു.

വിവിധ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥ പുനർവിന്യാസം നടത്തിക്കഴിഞ്ഞു.

(ഡി) കേരള വികസന പദ്ധതി പൂർത്തിയായിട്ടില്ലാത്തതിനാൽ വിലയിരുത്തുവാൻ സമയമായിട്ടില്ല.

കേരള സെക്കന്ററി ഹെൽത്ത് സിസ്റ്റംസ് ഡെവലപ്മെന്റ് പ്രോജക്ട്

10 (*759) ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യമേഖലയുടെ സമഗ്രവികസനത്തിനായി ലോക ബാങ്കിന്റെയും നബാർഡിന്റെയും ധനസഹായത്തോടെ നടപ്പിലാക്കുന്ന കേരള സെക്കന്ററി ഹെൽത്ത് സിസ്റ്റംസ് ഡെവലപ്മെന്റ് പ്രോജക്ട് ഇപ്പോൾ ഏത് സ്റ്റേജിലിരിക്കുന്നുവെന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ കമ്മ്യൂണിറ്റി സെന്ററുകളുടെയും പ്രൈമറി ഹെൽത്ത് സെന്ററുകളുടെയും കെട്ടിടങ്ങളും മറ്റ് അടിസ്ഥാനസൗകര്യങ്ങളും മെച്ചപ്പെടുത്തുവാൻ ഗവൺമെന്റ് തയ്യാറാക്കി നബാർഡിൽ സമർപ്പിച്ച പദ്ധതിക്ക് സാമ്പത്തികസഹായം ലഭിച്ചിട്ടുണ്ടോ ;

(സി) ആയത് നടപ്പിലാക്കുന്നതിലെ കാലതാമസം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത കാലതാമസം ഒഴിവാക്കി ഈ പദ്ധതി നടപ്പിലാക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ആരോഗ്യ മേഖലയുടെ സമഗ്രവികസനത്തിനായി തയ്യാറാക്കിയ 810 കോടി രൂപയുടെ ഹെൽത്ത് സിസ്റ്റം പ്രോജക്ട് ഇപ്പോൾ ലോകബാങ്കിന്റെ പരിഗണനയിലാണ്. ഈ പദ്ധതിക്ക് നബാർഡിന്റെ ധനസഹായം ഇല്ല.

(ബി) സാമ്പത്തികസഹായം ലഭിച്ചിട്ടില്ല.

(സി&ഡി) 2002-03 വർഷം ഗ്രാമീണ ആരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനായി 49 കോടി രൂപ ചെലവുവരുന്ന പ്രൊപ്പോസലുകൾ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 2003-04 വർഷത്തേക്ക് വേണ്ടി 70 കോടി രൂപയുടെ മറ്റൊരു പ്രോജക്ടും തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly